**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3057** **07-10-2025 - ൽ മറുപടിയ്ക്ക്**

**പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴ നികത്തിയത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേ 66-ന്റെ നിർമ്മാണത്തിന്റെ ഭാഗമായി കോരപ്പുഴ, മുരാട് പുഴ എന്നിവയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴ നികത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നാഷണൽ ഹൈവേ 66-ന്റെ നിർമ്മാണത്തിന്റെ ഭാഗമായി മുരാട് പുഴയ്ക്ക് കുറുകെയും കോരപ്പുഴക്ക് കുറുകെയും പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പാലം നിർമ്മാണ വേളയിൽ കെട്ടിയ ബണ്ടിന്റെ ശേഷിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പൂർണ്ണമായും നീക്കം ചെയ്യുന്നതിന് NHAI അധികൃതർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയതു അടിയന്തരമായി നീക്കം ചെയ്യുന്നതിന് വേണ്ടി NHAI ക്ക് വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇങ്ങനെ നികത്തിയ മണ്ണ് പൂർണ്ണമായും നീക്കം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നാഷണൽ ഹൈവേ 66-ന്റെ നിർമ്മാണത്തിന്റെ ഭാഗമായി മുരാട് പുഴയ്ക്ക് കുറുകെയും കോരപ്പുഴക്ക് കുറുകെയും പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പാലം നിർമ്മാണ വേളയിൽ കെട്ടിയ ബണ്ടിന്റെ ശേഷിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പൂർണ്ണമായും നീക്കം ചെയ്യുന്നതിന് NHAI അധികൃതർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയതു അടിയന്തരമായി നീക്കം ചെയ്യുന്നതിന് വേണ്ടി NHAI ക്ക് വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഹൈവേയുടെ പ്രവൃത്തിയുടെ ഭാഗമായുണ്ടാകുന്ന കോൺക്രീറ്റ് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ കരാറുകാരുടെ അനാസ്ഥ മൂലം ജലാശയങ്ങളിൽ നിക്ഷേപിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നീക്കം ചെയ്യുന്നതിന് കർശനമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുഴയുടെ ഒഴുക്കിനു തടസ്സമാകുന്ന രീതിയിലുള്ള ബണ്ടിന്റെ ശേഷിപ്പുകളും മറ്റും പൂർണമായും നീക്കം ചെയ്യുന്നതിനായി NHAI അധികൃതർക്ക് രേഖാമൂലം നിർദ്ദേശം നൽകുകയും മേൽ വിവരം ബഹു ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ